പാലക്കാട്–മുക്കാലി (വഴി മണ്ണാർക്കാട്) ബസ് സർവ്വീസ് നിറുത്തലാക്കാനുള്ള കാരണം

601 [860] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്–മുക്കാലി (വഴി മണ്ണാർക്കാട്) ബസ് സർവ്വീസ് നിറുത്തലാക്കാനുള്ള കാരണമെന്ത്;

(ബി) ഈ ബസ് നിറുത്തലാക്കിയ മാസത്തിലുള്ള ഒരു മാസത്തെ ദിവസവരുമാനം എത്രയായിരുന്നു എന്നു വ്യക്തമാക്കാമോ;

(സി) ഒരു സർവ്വീസ് നഷ്ടത്തിലാണ് നടത്തുന്നതെന്ന് കണക്കാക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പാലക്കാട്–മുക്കാലി സർവ്വീസിനെക്കാൾ മോശമായ വരുമാനമുള്ള റൂട്ടുകൾ ഒന്നും തന്നെ നിറുത്തലാക്കാതെ ഈ റൂട്ടു മാത്രം നിറുത്തലാക്കിയതിനെക്കുറിച്ച് പുനഃപരിശോധിച്ച് വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(ഇ) നഷ്ടത്തിൽ സർവ്വീസ് നടത്തുന്ന റൂട്ടിനെ ലാഭത്തിൽ സർവ്വീസ് നടത്താൻ പറ്റുമോയെന്ന് പുനരാലോചിക്കാതെയും ബന്ധപ്പെട്ട അധികാരികളോട് ചർച്ച നടത്താതെയും തിരുവനന്തപുരത്തെ ചീഫ് ആഫീസിൽനിന്നും സർവ്വീസ് നിറുത്തലാക്കുന്നത് പുനരാലോചിച്ചു വേണ്ടുന്ന നടപടികൾ കൈക്കൊള്ളുമോ;

(എഫ്) പാലക്കാട്–മുക്കാലി റൂട്ട് അഗളിയിലേക്കോ ആനക്കട്ടിയിലേക്കോ നീട്ടിക്കൊടുത്ത് സർവ്വീസ് നടത്തുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത സർവ്വീസ് നഷ്ടമാണെന്ന് കോർപ്പറേഷൻ ബോദ്ധ്യമായതുകൊണ്ടാണ് നിറുത്തൽ ചെയ്തത്.

(ബി) സർവ്വീസ് നിറുത്തൽ ചെയ്തതിന് തൊട്ടു മുമ്പുള്ള മാസത്തെ വരുമാനത്തിന്റെ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(സി) എറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് കിലോമീറ്ററിന് 246 പൈസയെങ്കിലും ലഭിച്ചില്ലെങ്കിൽ ആ സർവ്വീസ് നഷ്ടത്തിലാണെന്ന് കണക്കാക്കാവുന്നതാണ്.

(ഡി) വരുമാനം പരിശോധിച്ചു വളരെ കുറവാണെന്നു കണ്ടാൽ അങ്ങനെയുള്ള സർവ്വീസുകൾ നിറുത്തൽ ചെയ്യാറുണ്ട്. ചോദ്യത്തിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന സർവ്വീസുകളുടെ പരീക്ഷണകർത്തവ്യം എർപ്പെടുത്തിയ ഒന്നായിരുന്നു. 1973 ജൂൺ മുതൽ 3 മാസക്കാലം വളരെയധികം നഷ്ടത്തിലായിരുന്നു ഈ സർവ്വീസ് നടത്തിയിരുന്നത്. ഭീമമായ ഈ നഷ്ടം കണക്കിലെടുത്താണ് ഈ സർവ്വീസ് റദ്ദാക്കാൻ കോർപ്പറേഷൻ ബോർഡ് തീരുമാനമെടുത്തത്. ഇതിനെല്ലാം പുറമേ പാലക്കാട്–മുക്കാലി റൂട്ടിൽ നിരവധി സ്വകാര്യ സർവ്വീസുകളും ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

---

†അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർവ്വീസ് ആരംഭിച്ചതു മുതലുള്ള 3 മാസത്തെ ദിനപ്രതിയുള്ള വരുമാനം പരിശോധിച്ചതിനുശേഷം മാത്രമാണ് നിരുത്തലാക്കിയത്. കോർപ്പറേഷൻ ബോർഡ് മീറ്റിംഗിൽ എടുത്ത തീരുമാനമനുസരിച്ചാണ് സർവ്വീസ് പിൻവലിച്ചത്.

(എഫ്) നിർദ്ദേശം പരിഗണിക്കുന്നതാണ്.

പുതിയ ബസ്സുകളുടെ നിർമ്മാണം

602 [861] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 മാർച്ചു മാസം മുതൽ ഇതു വരെയായി എത്ര ബസ്സുകൾ പുതിയതായി നിർമ്മിച്ചു പുറത്തിറക്കിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം സബ് ജില്ലകളിലായി എത്രവീതം അലോട്ടു ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 1977 മാർച്ചുമാസം മുതൽ 1979 ജനുവരി വരെ കെ. എസ്. ആർ. ടി. സി. 418 പുതിയ ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്.

(ബി) വിതരണം ചെയ്തിട്ടുള്ളതിന്റെ വിവരമടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എക്സൈസുകാരുടെ വെടിയേറ്റു മരിച്ചവർക്കുള്ള ധനസഹായം

603 [862] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസുകാരുടെ റെയ്ഡിനെ തുടർന്നുണ്ടായ സംഘട്ടനത്തിൽ വെടിയേറ്റു മരിച്ച ആര്യനാട്ടെ രണ്ടു പേർക്ക് സഹായധനം നൽകണമെന്ന് ഗവൺമെന്റിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു തീരുമാനം എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യത്തിൽ റവന്യൂ ബോർഡ്, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവരുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്; ഒരു തീരുമാനം ആയിട്ടില്ല.

ബസ് സ്റ്റേഷനുകളിലെ സമയ വിവര പട്ടിക

604 [863] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന ബസ് സ്റ്റേഷനുകളിൽ ബസ്സിന്റെ സമയവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

ക്രമനമ്പർ	ഡിപ്പോയുടെ പേര്	അനുവദിച്ചിട്ടുള്ള ബസ്സുകളുടെ
25.	ഗുരുവായൂർ	8
26.	പാലക്കാട്	14
27.	കോഴിക്കോട്	46
28.	സുൽത്താൻബത്തേരി	9
29.	പയ്യന്നൂർ	10
30.	ചേർത്തല	4
31.	ചാലക്കുടി	5
32.	പൊൻകുന്നം	8
33.	പെരുമ്പാവൂർ	10
34.	കണ്ണൂർ	10
	ആകെ.	418

അനുബന്ധം III

5.3.1979 ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 601 [860] കാണുക

Collection details of Palghat—Mukkaly (Via. Mannarghat) Service for 10/78

Date	Collection Rs. P.	Distance Km.	E.P.K.M. P.
1.10.1978	393.70	322	122
2.10.1978	524.30	322	162
3.10.1978	525.10	322	163
4.10.1978	166.50	122	136
5.10.1978	517.30	322	160
6.10.1978	469.40	244	192
7.10.1978	172.40	100	86
8.10.1978	468.50	322	145
9.10.1978	528.80	322	164
10.10.1978	404.80	322	125
11.10.1978	421.20	322	130
12.10.1978	520.10	322	161

LIBRARY ARCHIVES Kerala Legislative Assembly

Date	Collection Rs. P.	Distance	E.P.K.M.
13.10.1978	391.20	322	121
14.10.1978	459.90	322	142
15.10.1978	765.20	322	237
16.10.1978	--	--	--
17.10.1978	408.40	322	126
18.10.1978	477.10	322	148
19.10.1978	843.90	322	262
20.10.1978	197.40	122	161
21.10.1978	426.30	322	132
22.10.1978	461.20	322	143
23.10.1978	538.30	322	167
24.10.1978	452.10	322	140
25.10.1978	438.00	322	136
26.10.1978	421.20	322	130
27.10.1978	496.20	322	123
28.10.1978	453.30	322	140
29.10.1978	569.70	322	176
30.10.1978	548.40	322	170
31.10.1978	627.70	322	194

അനുബന്ധം IV

5.3.1979 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 602 [861] കാണുക.

ക്രമനമ്പർ	ഡിപ്പോയുടെ പേര്	കൊടുത്തിട്ടുള്ള ബസ്സുകളുടെ എണ്ണം
1.	നെയ്യാറിൻകര	7
2.	പാപ്പനംകോട്	1
3.	വിഴിഞ്ഞം	4
4.	തിരുവനന്തപുരം സിറ്റി	7
5.	തിരുവനന്തപുരം സെൻട്രൽ	44
6.	നെടുമങ്ങാട്	10
7.	ആറ്റിങ്ങൽ	5
8.	കൊല്ലം	18
9.	കൊട്ടാരക്കര	12
10.	പുനലൂർ	6
11.	കായംകുളം	9
12.	ചെങ്ങന്നൂർ	9
13.	പത്തനംതിട്ട	7
14.	തിരുവല്ല	11
15.	ചങ്ങനാശ്ശേരി	9
16.	ആലപ്പുഴ	16
17.	കോട്ടയം	29
18.	പാലാ	11
19.	മൂവാറ്റുപുഴ	14
20.	എറണാകുളം	26
21.	ആലുവാ	10

LIBRARY ARCHIVES Kerala Legislative Assembly